**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1113** **06-10-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ വലിയ തമ്പുരാൻ കോവിലകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സാംസ്കാരിക കാര്യ (ബി) വകുപ്പിന്റെ ഉത്തരവ് (സാധാ)നമ്പർ.101/2020 പ്രകാരം എറണാകുളം ജില്ലയിലെ ആലുവാ താലൂക്കിലെ കിഴക്കും ഭാഗം വില്ലേജിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള അന്തിമ വിജ്ഞാപനത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലുള്ള വലിയ തമ്പുരാൻ കോവിലകം 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ ചട്ടം 4(1) പ്രകാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം 04.03.2020 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.സാധാ 101/2020/ സാം.കാ.വ പ്രകാരം പുറപ്പെടുവിക്കുകയും കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ പകർപ്പ് 1968-ലെ ആക്ടിന്റെ ചട്ടം 4(1) പ്രകാരം സ്മാരകത്തിൽ 25.06.2021 ൽ വില്ലേജ് ഓഫീസർ മുഖാന്തിരം പതിച്ച നടത്തിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരവെ, ഡോ.രാഘവൻ, ശ്രീമതി.പൊന്നമ്മ രാഘവൻ എന്നിവർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(C) No.18433/2021, W.P.(C).No.19497/2021 ഹർജികളിൽ, പ്രസ്തുത ഹർജികൾ തീർപ്പാകുന്നതുവരെ തൽസ്ഥിതി തുടരുന്നതിന് ബഹു. കോടതി ഉത്തരവായിട്ടുണ്ട്. ആയതിനാൽ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | അന്തിമ വിജ്ഞാപനത്തിന് ശേഷമുള്ള നിയമാനുസൃത തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വിധേയമായി തുടർപ്രവർത്തനങ്ങൾ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ